LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-12-2015 വരെ പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറിയിനത്തിൽ ആകെ 255.5 കോടി രൂപ പിരിച്ചെടുക്കുവാനുണ്ട്.

(ബി) 255.5 കോടി രൂപയിൽ, സ്റ്റേ ഇനത്തിൽ ആകെ 212.4 കോടി രൂപയ്ക്കാണ് സ്റ്റേ അനുവദിച്ചിട്ടുള്ളത്. ഗവൺമെന്റ് തലത്തിൽ 35.8 കോടി രൂപയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(സി) കോടതി സ്റ്റേ ഇനത്തിൽ 154.7 കോടി രൂപ കുടിശ്ശികയുണ്ട്. കോടതി സ്റ്റേ ഒഴിവാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് താലൂക്ക് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുകയും കാര്യവിവര പത്രിക, എതിർ സത്യവാങ്മൂലം എന്നിവ സമർപ്പിക്കാത്ത കേസുകളിൽ ആയത് അടിയന്തരമായി സമർപ്പിക്കുന്നതിനും സ്റ്റേ കേസുകൾ തുടർച്ചയായി പരിശോധിച്ച് സ്റ്റേ കാലാവധി കഴിഞ്ഞയുടൻതന്നെ ആർ.ആർ. നടപടി പുനരാരംഭിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

പാങ്ങ് വില്ലേജ് രൂപീകരണം

122(1188) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വലിയ വില്ലേജുകളിലൊന്നായ കുറുവ വില്ലേജ് വിഭജിച്ച്, പാങ്ങ് വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 55000-ത്തിലധികം ജനസംഖ്യാ പരിധിയും വലിയ വിസ്തൃതിയുള്ളതുമായ പ്രസ്തുത വില്ലേജ് വിഭജിച്ച് പാങ്ങ് വില്ലേജ് രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.